പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ :2107 16.08.2017 ലെ മറുപടിക്ക്

## കയർ വ്യവസായ പുനരുദ്ധാരണ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.ശർമ്മ<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.എൻ. വിജയൻ പിള്ള :<br>ശ്രീ.ജോൺ ഫെർണാണ്ടസ് | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) തകർച്ചയിലായിരുന്ന കയർ വ്യവസായത്തെ പുനരുദ്ധരിക്കാനായി നടപ്പിലാക്കുന്ന പദ്ധതികൾ അറിയിക്കാമോ; | എ) കയർ വ്യവസായത്തെ പുനരുദ്ധരിക്കാനായി താഴെ പറയുന്ന പദ്ധതികൾ ഈ സർക്കാർ നടപ്പിലാക്കി വരുന്നു.<br>1.രണ്ടാം പുന:സംഘടനാ പദ്ധതി<br>2.എല്ലാ നിയന്ത്രണങ്ങളും എടുത്തുമാറ്റി പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവത്ക്കരണം.<br>3.ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉത്പാദനം<br>4.കയർ കോമ്പസിറ്റ് ഉൽപ്പന്നങ്ങളുടെ നിർമ്മാണം<br>5. പ്രവർത്തനക്ഷമമല്ലാത്ത സംഘങ്ങളെ പ്രവർത്തനക്ഷമമായവയോട് സഹകരണ നിയമപ്രകാരം കൂട്ടിച്ചേർക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| ബി) സമ്പൂർണ്ണ ആധുനീകരണത്തിന്റെ ഭാഗമായുള്ള യന്ത്രവൽക്കരണം ഏതൊക്കെ മേഖലകളിലാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; | ബി) തൊണ്ട് സംസ്കരണം, ചകിരി ഉത്പാദനം എന്നീ മേഖലകളിൽ ഡീ-ഫൈബറിംഗ് മെഷീനുകൾ സ്ഥാപിച്ചും ഉത്പന്ന വൈവിധ്യവത്ക്കരണത്തിന് ആവശ്യമായ യന്ത്രങ്ങൾ വികസിപ്പിച്ചുമാണ് കയർ മേഖലയിൽ പ്രധാനമായും യന്ത്രവത്ക്കരണത്തിന് സർക്കാർ ലക്ഷ്യമിടുന്നത്. അതുപോലെ പിരിമേഖലയിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനും ഉൽപ്പന്ന മേഖലയിൽ നീഡിൽ ഫെൽട്ട്, കയർ കോമ്പോസിറ്റുകൾ, ടഫ്റ്റിംഗ് സമ്പ്രദായം കൊണ്ടു വരുവാൻ ഉദ്ദേശിക്കുന്നു. |
| സി) ഒരു ലക്ഷത്തിലധികം വരുന്ന പരമ്പരാഗത തൊഴിലാളികളുടെ ജീവനോപാധി എന്ന നിലയിൽ, പ്രസ്തുത രംഗത്തുള്ള തൊഴിലാളികളുടെ രക്ഷാമാർഗ്ഗമാക്കി മാറ്റാൻ വേണ്ട തരത്തിലാണോ കയർ വ്യവസായ പുനരുദ്ധാരണത്തിനായുള്ള നവീകരണം നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതിനായി കൈക്കൊണ്ടിട്ടുള്ള ഉപാധികൾ എന്തെല്ലാമാണെന്ന് | സി)കയർ തൊഴിലാളികളുടെ ജീവനോപാധി എന്ന നിലയിൽ തൊഴിലാളികളുടെ രക്ഷാമാർഗ്ഗമാക്കി മാറ്റാൻ വേണ്ട തരത്തിലാണ് പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നത്. പരമ്പരാഗത കയർ തൊഴിലാളി മേഖലയിലെ തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കാനും തൊഴിൽ സംരക്ഷിക്കാനും ഈ സർക്കാർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത തൊഴിൽ മേഖലയിൽ ജോലിയും കൂലിയും ഉറപ്പുവരുത്തിക്കൊണ്ടാണ് യന്ത്രവൽക്കരണത്തിലേയ്ക്കും |

| | |
|---|---|
| വിശദമാക്കാമോ? | ആധുനീകരണത്തിലേയ്ക്കും നീങ്ങുന്നത്. പരമ്പരാഗത മേഖലയിലെ ഉൽപ്പന്നങ്ങൾ സർക്കാർ പരിധിയില്ലാതെ സംഭരിക്കുകയാണ്.<br><br>1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര/ പ്രവർത്തനമൂലധനം നൽകുന്നു.<br>2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകി വരുന്നു.<br>3. കയറും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എംഡിഎ) നൽകി വരുന്നു.<br>4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ നൽകുന്നു.<br>5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ സബ്സിഡി നൽകി വരുന്നു.<br>6. കയർ വ്യവസായത്തിൽ സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.<br>7. ഉൽപ്പാദനവും വിപണന പ്രചോദനവും (പിഎംഐ) പദ്ധതിയിലൂടെ ആനുകൂല്യം നൽകി വരുന്നു.<br>8. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.<br>9. കയർമേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.<br><br>10. കയർ ജിയോ ടെക്സ്റ്റയിൽസ് പദ്ധതി നടപ്പിലാക്കി വരുന്നു.<br>11. കയർപിരി / ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു.<br>12 കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നു.<br>13. യന്ത്രവത്ക്കരണം പൂർത്തീകരിക്കുന്നതോടെ വേതന ഘടനയിൽ മാറ്റം ഉണ്ടാക്കാനാകും. നിലവിൽ വരുമാനം ഉറപ്പാക്കൽ പദ്ധതി വഴി സർക്കാർ സഹായം നൽകി വരുന്നുണ്ട്.<br>14. ഈ ഓണക്കാലത്ത് സംസ്ഥാനത്തുടനീളം 118 സ്റ്റാളുകളിലൂടെ കയർ ഉൽപ്പന്നങ്ങൾ ആകർഷകമായ സമ്മാന പദ്ധതികളിലൂടെ വിറ്റഴിക്കാനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ